**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 254** **13-07-2022 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിഥി തൊഴിലാളികളുടെ വിവര ശേഖരണത്തിനും അവർക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുമായി അതിഥി എന്ന മൊബൈൽ അപ്ലിക്കേഷൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ജോലിയ്ക്കായി എത്തുന്ന വിവിധ സംസ്ഥാനങ്ങളിലെ തൊഴിലാളികളെ സംബന്ധിച്ച വിവര ശേഖരണത്തിനായി രൂപീകരിച്ചിട്ടുള്ളതാണ് കേരള അതിഥി പോർട്ടൽ. കേരളത്തിലേയ്ക്ക് തൊഴിലിനായി വരുന്ന അതിഥി തൊഴിലാളികൾക്ക് അവരുടെ യാത്ര സ്വന്തം സംസ്ഥാനത്ത് നിന്ന് ആരംഭിക്കുന്നതിന് മുമ്പ് തന്നെ ടി പോർട്ടലിൽ ഇവരുടെ വിവരം രജിസ്റ്റർ ചെയ്യുന്നതിനും കേരളത്തിൽ എത്തുന്ന മുറയ്ക്ക് അതിഥി തൊഴിലാളികൾക്കായി സജ്ജീകരിച്ചിട്ടുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ മുഖേന ബയോമെട്രിക് വിവരങ്ങൾ നൽകി കൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനും സർക്കാർ അതിഥി തൊഴിലാളികൾക്കായി തൊഴിൽ വകുപ്പ് മുഖേന നൽകി വരുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനും കഴിയുന്നു. കോവിഡ് പോലുള്ള പകർച്ചവ്യാധികളോ മറ്റ് അടിയന്തിര സാഹചര്യങ്ങളോ ഉണ്ടാകുന്ന ഘട്ടത്തിൽ തൊഴിലാളികൾക്ക് വിവരങ്ങളും നിർദ്ദേശങ്ങളും ലൈവായി നൽകി കൊണ്ട് അവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കുന്നു. അതിഥി തൊഴിലാളികൾക്കും തൊഴിലുടമകൾക്കും കോൺട്രാക്ടർമാർക്കും പോർട്ടലിലൂടെ തൊഴിലാളികളുടെ വിവരങ്ങൾ സമർപ്പിക്കാവുന്നതാണ്. സംസ്ഥാനത്ത് അതിഥി തൊഴിലാളികളുടെ വിവര ശേഖരണത്തിനും അവർക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുമായി രൂപകല്പന ചെയ്ത അതിഥി പോർട്ടൽ 02/07/2022 തീയതിയിൽ |

| | | | |
|---|---|---|---|
| | | | ബഹു.പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു. |
| (ബി) | അതിഥി തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖേന സൗജന്യ ചികിത്സ ഒരുക്കുന്നതിന്റെ ഭാഗമായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി അതിഥി തൊഴിലാളികൾക്കുവേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന മറ്റ് ക്ഷേമ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ? | (സി) | ഈ സർക്കാർ ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടാണ് 'ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്. ആവാസ് പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 25,000/- രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിത്സ സംസ്ഥാനത്തെ ചിസ് പ്ലസ് പദ്ധതിയിൽ എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാകുന്നതാണ്. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സ ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം അംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസ് കൂടി ഉറപ്പ് വരുത്തുന്നുണ്ട്. അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000/- രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് താമസിച്ച്, ജോലി ചെയ്തുവരുന്ന എല്ലാ അതിഥി തൊഴിലാളികൾക്കും വൃത്തിയും സുരക്ഷിതത്വമുള്ളതുമായ താമസ സൗകര്യം ഉറപ്പാക്കുന്നതിന് ഗസ്റ്റ് വർക്കേഴ്സ് ഫ്രണ്ട്ലി റസിഡൻസ് ഇൻ കേരള പ്രോജക്റ്റ് (AALAY) എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും, സുരക്ഷിതവുമായ താമസ സൗകര്യം നൽകുന്ന പദ്ധതിയാണ് 'അപ്നാഘർ' പദ്ധതി. അന്യസംസ്ഥാന തൊഴിലാളികൾക്ക് ഓൺ-ലൈനായി രജിസ്ട്രേഷൻ നടത്തുന്നതിന് രൂപീകരിച്ചിട്ടുള്ളതാണ് അതിഥി പോർട്ടൽ.<br><br>ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് അവരുടെ ജോലി, ബാങ്കിംഗ്, ആരോഗ്യം, യാത്ര സംബന്ധമായ ആവശ്യങ്ങൾ എന്നിവയിൽ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി സംസ്ഥാനത്തെ 14 |

| | | | |
|---|---|---|---|
| | | | ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.<br><br>കൂടാതെ കുടിയേറ്റ ക്ഷേമപദ്ധതിയിൽ അംഗമായിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികൾക്ക് വിവിധ തരത്തിലുള്ള ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ